

# എന്റെ പുനരുത്ഥാനം
# Or
# ജീവന്റെ മായാജാലം

**സി.ആൻഡ്രൂസ്**

**(കാൾടനിലെ നടപ്പാതയിലൂടെ നടന്നപ്പോൾ ഉണ്ടായ ഒരു അനുഭവത്തിൽ നിന്ന്)**

അന്ത്യമില്ലാത്ത കാൽപ്പാടുകൾ പിന്തുടർന്ന്,
വിജനമായ എന്റെ വഴികളിലൂടെ,
ഒരു ഏകാന്ത യാത്ര.
ഞാൻ തളർന്നു പോയിരുന്നു;
ഇലകളെ തഴുകിയെത്തിയ കുളിർകാറ്റ്,
എനിക്ക് ഉന്മേഷം പകർന്നു.
ഉയർന്നും താഴ്ന്നും പറന്ന്,
പാടികൊണ്ട് കിളികൾ എന്നൊടൊപ്പം കൂടി.
മൈതാനത്തിൽ കളിക്കുന്ന കുട്ടികളെപോലെ,
കാൽപാദങ്ങളിൽ തട്ടി കല്ലുകൾ ഉരുണ്ടു.
എന്റെ ഊന്നു വടി അപ്പോൾ ഒരു പുല്ലാങ്കുഴൽ ആയി;
ക്രുഷ്ണാധരങ്ങളിൽ നിന്നുമുള്ള വേണുനാദം പോലെ,
എന്റെ ഊന്നു വടിയിൽ നിന്നും ഗാനമൊഴുകി.
ഒരു മഴ ചാറ്റൽ പോലെ എന്തോ വർഷിച്ചു
ജലബിന്ദുക്കൾക്ക് പകരം പൊടിപടലങ്ങൾ
അഹംഭാവത്തെ എരിയിക്കുമ്പോൾ ലഭിക്കുന്ന വെണ്ണീർ,
ശിവനിൽ നിന്നും വീണ പ്രപഞ്ച ധൂളി.
സ്രുഷ്ടിയുടേയും സംഹാരത്തിന്റേയും ധൂളി??
അല്ലാ... എവിടെ നിന്നോ ഒരു അശരീരി
സ്രുഷ്ടിയില്ല സംഹാരമില്ല,
എല്ലാം പരിവർത്തനങ്ങൾ മാത്രം!
എന്റെ വഴി തെളിയിക്കാൻ സൂര്യൻ ചിറക് വിടർത്തി,
താരങ്ങൾ നിറഞ്ഞ ഒരു നിശബ്ദ യാമിനിയിലെ,

മൂടൽമഞ്ഞു പോലെ, മേഘങ്ങൾ കണ്ണീരൊഴുക്കി.
ഞാൻ ആടാനും പാടാനും തുടങ്ങി
ആരും എന്നെ വീക്ഷിക്കുന്നില്ലെന്ന ബോധത്തിൽ
നിത്യതയിൽ നിന്നും വന്ന കാറ്റ്
എന്നെ പ്രപഞ്ചധൂളിയിൽ പൊതിഞ്ഞു
ഞാൻ കാറ്റിനെ വീട്ടിലേക്ക് അതിനെ പിൻ തുടർന്നു
അവസാനിക്കാത്ത ഒരു തീർത്ഥയാത്ര
കാറ്റിൻെറ ശൂന്യ ഗൃഹത്തിലേക്ക്
കാറ്റ് അപ്പോൾ മൂളികൊണ്ടിരുന്നു
മായ...മായ....മായ...
*******